# തിരുവനന്തപുരം സിറ്റി പോലീസ്

## മാല മോഷണ കേസിൽ
## ആശുപത്രി ജീവനക്കാരി പിടിയിൽ

തിരുവനന്തപുരം:- മെഡിക്കൽ കോളേജ് സ്റ്റേഷൻ പരിധിയിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിൽ നിന്നും രോഗിയുടെ മാതാവിന്റെ സ്വർണ്ണമാല മോഷണം പോയ കേസിലെ പ്രതി പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മകളുടെ പ്രസവത്തിനായി അഡ്മിറ്റാക്കിയിരുന്ന സമയം ഒപ്പമുണ്ടായിരുന്ന കാട്ടാക്കട സ്വദേശിയായ മാതാവിന്റെ 5 പവൻ തൂക്കം വരുന്ന സ്വർണ്ണമാലയാണ് മോഷണം പോയത്. ആശുപത്രി വാർഡിൽ രാത്രി ഉറങ്ങുന്ന സമയം തലയിണ കവറിൽ ഊരി സൂക്ഷിച്ചിരുന്ന സ്വർണ്ണമാല കാണാതായ പരാതിയെ തുടർന്ന് മെഡിക്കൽ കോളേജ് പോലീസ് അന്നേദിവസം ആ വാർഡിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാരെ കേന്ദ്രീകരിച്ചുനടന്ന അന്വേഷണത്തിലാണ് പ്രതി കുടുങ്ങിയത്. പ്രതി ശ്രീലത ഉൾപ്പെടെയുള്ളവരെ പോലീസ് ചോദ്യം ചെയ്തുവെങ്കിലും ആരും തന്നെ മോഷ്ടിച്ചിട്ടില്ലായെന്നുള്ള മൊഴിയിൽ ഉറച്ചുനിന്നതിനെ തുടർന്ന് സ്റ്റാഫുകളുടെ വാസസ്ഥലം കേന്ദ്രീകരിച്ചു നടത്തിയ രഹസ്യ അന്വേഷണത്തിലാണ് മോഷണം തെളിഞ്ഞത്. പ്രതി മോഷണമാല ഒരു പ്രമുഖ ജൂവലറിയിൽ വിൽപ്പന നടത്താൻ ശ്രമിച്ചതായും പിന്നീട് നെയ്യാറ്റിൻകരയിലെ ഒരു ജൂവലറിയിൽ വിൽപ്പന നടത്തിയതായും ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രതിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യുകയായിരുന്നു. തുടർന്ന് പ്രതി കുറ്റം സമ്മതിക്കുകയും, പ്രതി വിൽപ്പന നടത്തിയ ജുവലറിയിൽ നിന്നും സ്വർണ്ണമാല കണ്ടെടുക്കുകയും മോഷണ മുതൽ സഹിതം അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. മോഷണ വിവരം ശ്രദ്ധയിൽപ്പെട്ട തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ. ദിവ്യ വി ഗോപിനാഥിന്റെ പ്രത്യേക നിർദ്ദേശാനുസരണം മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന് രൂപം നല്കിയായിരുന്നു അന്വേഷണം. മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ഹരിലാലിന്റെ നേതൃത്വത്തിൽ എസ്.ഐ-മാരായ പ്രശാന്ത്, ജ്യോതിഷ്, പ്രിയ, മാർവിൻ എസ്.സി.പി.ഒ രഞ്ജിത്ത്, സി.പി.ഒ-മാരായ പ്രതാപൻ, അനിൽ എന്നിവരടങ്ങുന്ന പ്രത്യേക അന്വേഷണ സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.